# റബ്ബുൽ ആലമീൻ
# സർവ്വലോക പരിപാലകൻ
## (2)

**അ**ല്ലാഹുവിന്റെ സിഫത്തെ റബ്ബ്, റബ്ബ് എന്ന നാമവിശേഷണത്തിന്റെ നിഘണ്ടുപരമായ അർത്ഥ ങ്ങൾ കഴിഞ്ഞ ഖുത്ബയിൽ ഞാൻ കുറച്ച് വിശദീ കരിച്ചിരുന്നു. അതിന്റെ അവസാനത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഒരു ഉദ്ധരണിയും വായി ച്ചിരുന്നു. ആ വിഷയം തന്നെയാണ് ഇന്നും തുടരുന്നത്.

ആ ഉദ്ധരണിയിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) റബ്ബുൽആലമീന്റെ വിശേഷഗുണം വിശദീക രിച്ചുപറഞ്ഞിരുന്നു. അതിന്റെ ചുരുക്കം ഇതാണ്: അല്ലാഹുവിൽ എല്ലാ സവിശേഷഗുണങ്ങളും സമ്മേ ളിച്ചിരിക്കുന്നു. നമുക്കറിയുന്നതും അറിയാത്തതുമായ എല്ലാം. ഈ എല്ലാ സവിശേഷഗുണങ്ങളും അതിന്റെ പൂർണ്ണതയിലെത്തിനില്ക്കുന്നു. അവൻ എല്ലാ ന്യൂന തകളിൽനിന്നും പരിശുദ്ധനാണ്. അവൻ വിശേഷ ഗുണത്തിന്റേയും പ്രത്യുപകാരത്തിന്റേയും ഉന്നത മായ നിലയിൽ എത്തിനില്ക്കുന്നവനാണ്.

അവന്റെ വിശേഷഗുണവും പ്രത്യുപകാരവും അവന്റെ നാമവിശേഷത്തിലൂടെ പ്രകടമാകുന്നു. അതിന്റെ സൗന്ദര്യം മനുഷ്യന് വലയം ചെയ്യാൻ സാധിക്കാത്തവിധം ഉന്നതമായ നിലവരെ എത്തിയി രിക്കുകയാണ്. റബ്ബുൽ ആലമീന്റെ മനുഷ്യരുടെമേ ലുള്ള അനുഗ്രഹങ്ങളും ഔദാര്യങ്ങളും അവൻതന്നെ നല്കിയതാണ്. മനുഷ്യന്റെ കഴിവുകൊണ്ടുള്ളതല്ല. ഈ ഔദാര്യത്തോട് തുല്യത എന്നത് പോകട്ടെ അതിനെ പൂർണ്ണമായും വലയം ചെയ്യാൻപോലും മനുഷ്യന് സാധ്യമല്ല. അവിടന്ന് പറയുന്നു "ഔദാര്യത്തിന്റെ ഈ ഗുണവിശേഷം റബ്ബുൽആലമീന്റെ പ്രകടനത്തോടെ വെളിപ്പെടുത്തിയിരിക്കുകയാണ്. ഈ റുബൂബിയ്യ ത്തിന്റെ-പരിപാലനത്തിന്റെ ഗുണവിശേഷത്തിൽ നിന്ന് ഈ പ്രപഞ്ചത്തിലുള്ള നാം അറിയുന്നതും അറിയാത്തതുമായ അല്ലെങ്കിൽ ശാസ്ത്രജ്ഞന്മാർക്ക് മനസ്സിലാക്കാൻ കഴിഞ്ഞതോ കഴിയാത്തതോ ആയ അല്ലാഹുവിന്റെ സകല സൃഷ്ടികളും ഫലമെടുത്തു കൊണ്ടിരിക്കുന്നു. മനുഷ്യൻ തന്നിലേക്കുതന്നെ ദൃഷ്ടിപായിച്ചാൽ അവന്റെ നിത്യജീവിതത്തിൽ അല്ലാ ഹുവിന്റെ അസംഖ്യം ഔദാര്യങ്ങൾ ദർശിക്കാൻ കഴി യും. പല ദുർഘട സംഭവങ്ങളിലൂടെയും മനുഷ്യൻ കഴിഞ്ഞുകടന്നുപോകാറുണ്ട്. പക്ഷേ, അല്ലാഹുവിന്റെ പരിപാലനവും ഔദാര്യവും കൊണ്ട് ആ സംഭവങ്ങ ളുടെ ദുഷ്ഫലങ്ങളിൽനിന്ന് അവൻ സുരക്ഷിതനാ യിരിക്കുന്നു. പലർക്കും അപകടങ്ങൾ ഉണ്ടാകാറു ണ്ട്. 'ഇങ്ങനെയൊരു അപകടമുണ്ടായി, കാറിന്റെ അവസ്ഥ കണ്ടാൽ അതിനുള്ളിലിരിക്കുന്നവർ രക്ഷ പ്പെട്ടു എന്ന് വിശ്വസിക്കാൻ പറ്റുകയില്ല. ആർക്കും ഒരു പോറലുപോലും ഏറ്റില്ല' എന്നൊക്കെ ചിലർ അത്ഭുതത്തോടെ ചില സംഭവങ്ങളെക്കുറിച്ച് എഴു തിയറിക്കാറുണ്ട്. പലർക്കും അത്തരം സംഭവങ്ങൾ ഉണ്ടാകാറുമുണ്ട്. ഘാനയിലായിരുന്നപ്പോൾ എനിക്കും അത്തരം പല സംഭവങ്ങളും ഉണ്ടായിട്ടു ണ്ട്. അപ്പോൾ അല്ലാഹുവിന്റെ റബ്ബ് എന്ന വിശേഷ ഗുണം വെളിപ്പെടുന്നത് കണ്ടിട്ട് വിശ്വാസം വർദ്ധി ക്കുന്നു. അവിടെ ചിലപ്പോൾ അവസ്ഥകൾ വളരെ മോശമാകാറുണ്ടായിരുന്നു. അത്യാവശ്യമുള്ള സാധ നങ്ങൾ പോലും കിട്ടുമായിരുന്നില്ല. പക്ഷേ, അത്തരം ഘട്ടത്തിൽ അല്ലാഹു ഞങ്ങളേയും കുട്ടികളേയും പരിപാലിച്ചത് കാണുമ്പോൾ അത്ഭുതം തോന്നുന്നു. ഭയാനകമായ അവസരങ്ങളിൽ അല്ലാഹു ഞങ്ങളെ സുരക്ഷിതരാക്കിവെച്ചു. ഇതിനു പുറമേയും ജീവി തത്തിൽ പല സന്ദർഭങ്ങളും ഉണ്ടാകാറുണ്ട്. അത് ഓരോരുത്തർക്കും ഉണ്ടാകാറുണ്ട്. ഓരോരുത്തരും തങ്ങളിലേക്ക് നോക്കുകയാണെങ്കിൽ അല്ലാഹു വിന്റെ റബ്ബ് എന്ന ഗുണവിശേഷം തന്നെയാണ് ഒത്തിരി കാര്യങ്ങളിൽനിന്ന് അവരെ സുരക്ഷിതരാ ക്കുന്നതെന്നും, പരിപാലിക്കുന്നതെന്നും അവന്റെ ഔദാര്യത്തിന് കീഴെ മനുഷ്യൻ അമർന്നിരിക്കുക യാണെന്നും കാണാൻ കഴിയും.

റബ്ബുൽ ആലമീൻ വെറും പ്രയാസത്തിൽനിന്ന് രക്ഷിക്കുകമാത്രമല്ല ചെയ്യുന്നത്. പ്രത്യുത, അവരു ടെമേൽ അനുഗ്രഹത്തിന്റെ മഴയും വർഷിച്ചുകൊ ണ്ടിരിക്കുന്നു. വെറും ബുദ്ധിമുട്ടുകൾ അകറ്റുക എന്ന ഉപകാരമല്ല. മറിച്ച്, അനുഗ്രഹങ്ങൾകൊണ്ട് കടാക്ഷിക്കുന്ന ഉപകാരവുമുണ്ട്. മനസ്സ് മരിച്ചിട്ടില്ലെ ങ്കിൽ, ബോധം നശിച്ചുപോയിട്ടില്ലെങ്കിൽ മനുഷ്യന് അല്ലാഹുവിന്റെ ഉപകാരങ്ങളേയും അവന്റെ പരിപാ ലനങ്ങളേയും ഒരിക്കലും എണ്ണിത്തിട്ടപ്പെടുത്താൻ കഴിയുകയില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മോട് പറയുന്നു, അല്ലാഹുവിന് തന്റെ ദാസരോ ടുള്ള ഈ ഉന്നതമായ നിലയിൽ എത്തിയിട്ടുള്ള ഉപ

കാരത്തിന്റെ പെരുമാറ്റം ആവശ്യപ്പെടുന്നത് ഒരു സത്യ വിശ്വാസിയുടെ ശ്രദ്ധ ആ സത്തയിലേക്ക് വലിക്കപ്പെടുകയും തുല്യതയില്ലാത്ത ഉപകാരങ്ങളും അനുഗ്രഹവും ചെയ്യുന്ന അവനിലേക്ക് ശ്രദ്ധിക്കുകയും ചെയ്യുക എന്നതാണ്. അല്ലാഹുവിന്റെ ഈ പെരുമാറ്റം കാരണം ആത്മാവിന്റെ ആവേശംകൊണ്ട് അവനെ ആരാധിക്കേണ്ടതാണ്. ആകർഷണീയമായ ആരാധന നടത്തേണ്ടതാണ്. വെറും കോളം പൂരിപ്പിക്കുന്ന ആരാധനയാകരുത്. ഇതുതന്നെയാണ് അല്ലാഹുവിന്റെ പരിപാലനത്തിനുള്ള നന്ദിപ്രകടനം. ഇതാണ് സത്യ വിശ്വാസിയായ മനുഷ്യനിൽനിന്നുണ്ടാകേണ്ടത്.

ഈ വിഷയത്തിന്റെ വിവിധ വശങ്ങൾ അല്ലാഹു വിശുദ്ധഖുർആനിൽ വിവരിച്ചിരിക്കുന്നു. അല്ലാഹുവിന്റെ സിഫത്തെ റൂബൂബിയ്യത്ത് അഥവാ പരിപാലനമെന്ന ഗുണവിശേഷം എവിടെയൊക്കെ എങ്ങനെ പ്രവർത്തിക്കുന്നു എന്നതിനെക്കുറിച്ച് ഒരുപാട് സ്ഥലങ്ങളിൽ പറയുന്നുണ്ട്. ഹദീസുകളിൽ നിന്നും അല്ലാഹു എങ്ങനെയാണ് തന്റെ ദാസരെ കടാക്ഷിക്കുന്നതെന്ന് മനസ്സിലാകുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ഉം ഇക്കാലത്ത് നമുക്ക് തുറന്നനിലയിൽ പല കോണുകളിലൂടേയും ഈ ഗുണവിശേഷം എങ്ങനെയാണ് നമുക്ക് അനുഗ്രം നൽകുന്നതെന്ന് പറഞ്ഞുതന്നിരിക്കുന്നു.

പഴയകാല ഖുർആൻ വ്യാഖ്യാതാക്കളിൽ അല്ലാമ റാസിയുടെ വ്യാഖ്യാനവും വളരെ നല്ലതാണ്. അല്ലാഹുവിന്റെ ഏകത്വം സ്ഥാപിച്ചതിനുശേഷം അദ്ദേഹം എഴുതുന്നു: "അല്ലാഹു റബ്ബുൽ ആലമീനാകുന്നു. കാരണം ഓരോ വസ്തുവും നിലനില്ക്കുകയും അവശേഷിക്കുകയും ചെയ്യുന്നത് റബ്ബുൽ ആലമീൻ എന്ന ഗുണം അതിന് ജീവിതം നൽകിക്കൊണ്ടിരിക്കുന്നതിനാലാണ്. അതായത് അവൻ തന്നെയാണ് നിലനിറുത്തുന്നത്. അവൻ തന്നെയാണ് ആശ്രയം നൽകുന്നത്, ശരിയായ വഴിയിൽ വെക്കുന്നത്. അവൻ തന്നെയാണ് ഏതൊരു വസ്തുവിന്റേയും നിലനില്പിനുവേണ്ടി എന്തൊക്കെ ആവശ്യമുണ്ടോ അതെല്ലാം നല്കുന്നതും. വീണ്ടും അദ്ദേഹം എഴുതുന്നു. "മുറബ്ബി– അതായത് പരിപാലിക്കുന്നവൻ, ശിക്ഷണം നൽകുന്നവൻ– രണ്ടുതരത്തിലുണ്ട്. ഒന്ന്, ആ മുറബ്ബി സ്വന്തം നേട്ടത്തിനുവേണ്ടിയാണ് പരിപാലിക്കുകയും ശിക്ഷണം നല്കുകയും ചെയ്യുന്നത്. അതായത്, ആർക്കാണോ ശിക്ഷണം നൽകുന്നത് അതിൽനിന്ന് ശിക്ഷണം നൽകുന്നയാൾ സ്വയം ഫലമെടുക്കുക. രണ്ടാമത്തേത് ആർക്കാണോ ശിക്ഷണം നൽകിക്കൊണ്ടിരിക്കുന്നത് ആ വ്യക്തി ഫലമെടുക്കണമെന്ന ഉദ്ദേശ്യത്തോടെ പരിപാലിക്കുന്നു. അപ്പോൾ, വ്യക്തിപരമായ നേട്ടമല്ല മറ്റുള്ളവരുടെ നേട്ടത്തിനായി പ്രവർത്തിക്കുക എന്നതാണ്. പറയുന്നു: സൃഷ്ടികളിൽനിന്ന് എല്ലാത്തിന്റേയും ശിക്ഷണവും പരിപാലനവും ആദ്യം പറഞ്ഞ പ്രകാരത്തിന്റെ കീഴിൽ വരുന്നു. മനുഷ്യൻ ആരെയെങ്കിലും പരിപാലിക്കുകയാണെങ്കിൽ അത് ചെയ്യുന്നത് അവൻ അതിൽനിന്ന് ഫലമെടുക്കാനാണ്. കാരണം അവൻ മറ്റുള്ളവരെ പരിപാലിക്കുന്നതും അവർക്ക് ശിക്ഷണം നൽകുന്നതും സ്വന്തം നേട്ടമുണ്ടാക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് ചെയ്യുന്നത്; അത് പ്രതിഫലത്തിനാണെങ്കിലും അല്ലെങ്കിൽ സ്തുതിക്കും പുകഴ്ത്തലിനുമാണെങ്കിലും ശരി. അതായത് ഭൗതികമായ നേട്ടത്തിനുവേണ്ടിയാണെങ്കിലും ശരി. ചിലയാളുകൾ തങ്ങളെ സ്തുതിക്കാൻ ചിലയാളുകളെ നിശ്ചയിക്കാറുണ്ട്.

രണ്ടാമത്തെ തരത്തിലുള്ള മുറബ്ബി അല്ലാഹു മാത്രമാണ്. അല്ലയോ ജനങ്ങളേ, ഞാൻ നിങ്ങളെ സൃഷ്ടിച്ചത് എന്നിൽനിന്ന് നിങ്ങൾ ഫലം കരസ്ഥമാക്കാൻ വേണ്ടിയാണെന്നും അല്ലാതെ നിങ്ങളിൽ നിന്നും എന്തെങ്കിലും ഫലം എനിക്കെടുക്കാനല്ലെന്നും അല്ലാഹു പറയുന്നു. അതുകൊണ്ട് അല്ലാഹുതആല ശിക്ഷണം നൽകുന്ന എല്ലാവർക്കും പരിപാലിക്കുന്നവർക്കുമെതിരിൽ പരിപാലനവും ശിക്ഷണവും നടത്തുകയും ഉപകാരം ചെയ്യുകയും ചെയ്യുന്നു. പിന്നീട് തുടർന്നെഴുതുന്നു: "അല്ലാഹുവിന്റെ പരിപാലനം മറ്റുള്ളവരുടേതിൽനിന്ന് വിഭിന്നമാണ്. ഒരു വ്യത്യാസം ഞാൻ ആദ്യമേ വായിച്ചുകേൾപ്പിച്ചു കഴിഞ്ഞു. രണ്ടാമത്തെ വ്യത്യാസം അന്യദൈവങ്ങൾ ആരെങ്കിലും ആരേയെങ്കിലും പരിപാലിക്കുകയാണെങ്കിൽ എത്രത്തോളം അയാൾ ശിക്ഷണം കൊടുക്കാൻ ആഗ്രഹിക്കുന്നുവോ അത്രത്തോളം അതിൽ കുറവുണ്ടായിക്കൊണ്ടിരിക്കുന്നു എന്നതാണ്. എന്നാൽ, അല്ലാഹു കുറ്റങ്ങളിൽനിന്നും കുറവുകളിൽനിന്നും വളരെ ഉന്നതനാണ്. അവൻ പറയുന്നു. ***വഇൻമ്മിൻ ശയ്ഇൻ ഇല്ലാ യിൻദനാ ഖസാഇനുഹൂ വമാ നുനസ്സിലുഹൂ ഇല്ലാ ബി ഖദരിൻമ്മഅ്ലൂം*** ഒരു വസ്തുവിന്റേയും ഖജനാവ് നമ്മുടെ പക്കൽ അല്ലാതില്ല. നിശ്ചിത അളവിലല്ലാതെ നാമത് ഇറക്കാറുമില്ല. (15:22)

വീണ്ടും പറയുന്നു: മൂന്നാമത്തെ കാര്യം അല്ലാഹുവിനെക്കൂടാതെ മറ്റുള്ള ഉപകാരി, ഏതെങ്കിലും ദരിദ്രൻ അയാളുടെ മുമ്പിൽ തന്റെ ആവശ്യം പറയുകയാണെങ്കിൽ ദേഷ്യപ്പെടുകയും ആ പാവത്തിന് ഒന്നും കൊടുക്കാതെ അവഗണിക്കുകയും ചെയ്യുന്നുവെന്നതാണ്. പിടിവാശിക്കാരൻ. അല്ലാഹുവിന്റെ

പെരുമാറ്റം ഇതിന് തികച്ചും വിരുദ്ധമാണ്. ഹദീസിൽ വന്നിരിക്കുന്നു: ***ഇന്നല്ലാഹതആല യുഹിബ്ബുൽ മുലാ ഹീനാ ഫിദ്ദുആയി.*** അതായത്, അല്ലാഹു പ്രാർത്ഥന യിൽ വിലപിക്കുകയും അത് ആവർത്തിക്കുകയും ചെയ്യുന്നവരെ സ്നേഹിക്കുന്നു. നാലാമത്തെ വ്യത്യാസം അല്ലാഹു അല്ലാത്തവർ തങ്ങളോട് ചോദി ക്കാത്തിടത്തോളം കാലം അവർക്ക് നൽകുകയില്ല. അല്ലാഹുവാണെങ്കിൽ ചോദിക്കുന്നവൻ ചോദിക്കു ന്നതിനു മുമ്പേ നൽകുന്നു. നോക്കുക, നിങ്ങൾ ഗർഭ സ്ഥശിശുവായിരിക്കുമ്പോഴും അല്ലാഹു നിങ്ങളെ പരിപാലിച്ചു. ബുദ്ധി വളർന്നിട്ടില്ലാത്തപ്പോഴും അല്ലാഹു നിങ്ങളെ പരിപാലിച്ചു. അന്ന് നിങ്ങൾക്ക് ചോദിക്കാനേ കഴിയുമായിരുന്നില്ല. ബുദ്ധിയും സന്മാർഗ്ഗവും പ്രാപിച്ചിട്ടില്ലാത്ത ഘട്ടത്തിലും അല്ലാഹു നിങ്ങളെ പരിപാലിക്കുകയും നിങ്ങൾക്ക് ഉപകാരം ചെയ്യുകയും ചെയ്തു. അഞ്ചാമത്തെ കാര്യം ഉപകാരം ചെയ്യുന്നവന്റെ ഉപകാരം ആ ഉപകാരി മരി ക്കുന്നതോടെ വിച്ഛേദിക്കപ്പെടുന്നു എന്നതാണ്. എന്നാൽ, അല്ലാഹുവിന്റെ ഉപകാരങ്ങൾ ഒരു പരിത സ്ഥിതിയിലും മുറിഞ്ഞുപോകുകയില്ല. അല്ലാഹു വിനെ കൂടാതെയുള്ള ഉപകാരിയുടെ ഉപകാരം മറ്റുള്ള സമുദായങ്ങളെ വിട്ടുകൊണ്ട് വെറും ഒരു സമുദായത്തിൽ മാത്രം ഒതുങ്ങിനില്ക്കുന്നു. എല്ലാ വർക്കും ഉപകാരം ചെയ്യാൻ അവന് കഴിയുന്നില്ല. എന്നാൽ, അല്ലാഹുവിന്റെ ഉപകാരത്തിന്റേയും ശിക്ഷ ണത്തിന്റേയും അനുഗ്രഹം ഓരോ വ്യക്തിയിലും എത്തുന്നു. അവൻ പറഞ്ഞു. ***റഹ്മത്തീ വസിഅത്ത് കുല്ല ശയ്ഇൻ*** എന്റെ കാരുണ്യം സർവ്വവസ്തുക്ക ളേയും വലയം ചെയ്തിരിക്കുന്നു. (7:157)

ഈ എല്ലാ കാര്യങ്ങളും സ്ഥാപിക്കുന്നത് അല്ലാഹു തന്നെയാണ് റബ്ബുൽആലമീൻ എന്നും സക ലസൃഷ്ടികൾക്കും തന്റെ അനുഗ്രഹം എത്തിക്കുന്നു എന്നുമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ അല്ലാഹു തന്നെക്കുറിച്ച് അൽഹംദുലില്ലാഹി റബ്ബിൽആലമീൻ എന്നു പറഞ്ഞിരിക്കുന്നു."

അല്ലാഹു ഭൗതികമായ നേട്ടം തന്റെ ദാസർക്ക് നൽകുന്നതോടൊപ്പം ആത്മീയമായ നേട്ടവും എത്തി ക്കുന്നു. അതായത്, ശാരീരികമായ നേട്ടം മാത്രമല്ല നൽകുന്നത്. മറിച്ച്, അതിനോടൊപ്പം മനുഷ്യന്റെ ശിക്ഷണവും നടക്കുന്നതിനു വേണ്ടി വിവിധ ജനത കളിലും സ്ഥലങ്ങളിലും അവസ്ഥകളിലും പരി ഷ്കർത്താവിനേയും പ്രവാചകനേയും അല്ലാഹു അയച്ചുകൊണ്ടിരിക്കുന്നു.

വീണ്ടും അദ്ദേഹം എഴുതുന്നു: "റുബൂബിയ്യത്ത് എന്ന ഗുണവിശേഷം തർബിയ്യത്തിലേക്ക് സൂചന നൽകുന്നു. അവസാന അദ്ധ്യായങ്ങളിൽ അല്ലാഹു റബ്ബ് എന്ന ഗുണവിശേഷത്തെ കഴിഞ്ഞകാലത്തും അവൻ മനുഷ്യന് ശിക്ഷണം നൽകിക്കൊണ്ടുവന്ന തുപോലെ ഭാവികാലത്തും അതിനെ മനുഷ്യന്റെ തർബിയ്യത്തിന് മദ്ധ്യവർത്തിയാക്കിയിരിക്കുന്നു. അല്ലെങ്കിൽ മനുഷ്യന്റെ നാവിലൂടെ ഇങ്ങനെ പറയ പ്പെട്ടിരിക്കുന്നു: അല്ലാഹുവേ, ശിക്ഷണവും ഉപകാ രവും നിന്റെ ജോലിയാണ്. അതുകൊണ്ട് നീ എന്നെ വിസ്മരിച്ചുകളയരുതേ. എന്റെ പ്രതീക്ഷയെ പരാജ യപ്പെടുത്തുകയുമരുതേ. അവസാന അദ്ധ്യായങ്ങ ളായ ഫലക്കിനെക്കുറിച്ചും നാസിനെക്കുറിച്ചും അദ്ദേഹം പറയുന്നു. "ഇതിൽ റബ്ബ് എന്ന ഗുണവി ശേഷത്തെക്കുറിച്ച് പറഞ്ഞിട്ടുള്ളത് അല്ലാഹുവിന്റെ ശിക്ഷണവും ഉപകാരവും അല്ലയോ ദാസാ നിന്നിൽനിന്ന് ഒരിക്കലും മുറിഞ്ഞുപോകില്ലെന്ന് പറ യാനാണ്. ഇത് സൂചിപ്പിക്കുന്നത്, വരുംകാലത്തും നുബുവ്വത്തിന്റെ വഴി തുറന്നുകിടക്കുന്നു എന്നാണ്. അതായത്, പരിവർത്തനകാരിയുടെ വഴി തുറന്നുകി ടക്കുന്നു. ഇതിനെ മറ്റു മുസ്ലിംകൾ അംഗീകരിക്കു ന്നില്ല. അല്ലാഹു തന്റെ ദാസരുടെ ശിക്ഷണത്തിനാ യിട്ടാണ് പ്രവാചകന്മാരെ അയക്കുന്നത്. റബ്ബിന്റെ ഗുണവിശേഷത്തിൽ ദൃഢവിശ്വാസമുണ്ടെങ്കിൽ അല്ലാഹു വരുംകാലങ്ങളിൽ നബിയെ അയക്കുന്ന വനാണെന്ന് വിശ്വസിക്കേണ്ടതാണ്. എന്നാൽ, നമ്മുടെ മറ്റുള്ള സുഹൃത്തുക്കൾ പറയുന്നത് അയ ക്കുകയില്ലെന്നാണ്. ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു.

"അല്ലാഹു സകലലോകത്തിന്റേയും ദൈവമാ കുന്നു. അവൻ എപ്രകാരം എല്ലാത്തരം സൃഷ്ടികളു ടേയും ശാരീരികമായ ആവശ്യങ്ങൾക്കും ശിക്ഷണ ത്തിനുമായി ധാതുക്കളും സാധനസാമഗ്രികളും വ്യത്യാസങ്ങളൊന്നും കൂടാതെ പൊതുവായ നില യിൽ സൃഷ്ടിച്ചിരിക്കുന്നുവോ- നമ്മുടെ തത്വത്തിന്റെ അടിസ്ഥാനത്തിൽ അവൻ റബ്ബുൽ ആലമീനാകുന്നു, അവൻ ധാന്യം കാറ്റ്, വെള്ളം, വെളിച്ചം തുടങ്ങിയ സാധനങ്ങൾ സകല സൃഷ്ടികൾക്കും വേണ്ടി സൃഷ്ടി ച്ചിരിക്കുന്നു- അപ്രകാരം ഓരോ കാലത്തും ഓരോ ജനതയുടേയും പരിഷ്കരണത്തിനായി സന്ദർഭോ ചിതം പരിഷ്കർത്താക്കളെ അയച്ചുകൊണ്ടിരുന്നു."

അല്ലാമറാസിയും എഴുതിയിരുന്നതുപോലെ ചോദിക്കുന്നവൻ ചോദിക്കുന്നതിനു മുമ്പേ ലോകം ദുഷിക്കുന്നുണ്ടോ അവസ്ഥകൾ മോശമാകു ന്നുണ്ടോ എന്ന് മുൻകൂർ അവൻ നോക്കിക്കൊണ്ട്

പരിഷ്കർത്താവിനെ അയക്കുന്നു. വീണ്ടും ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു. "അല്ലാഹു തങ്ങളെ മാത്രമാണ് തിരഞ്ഞെടുത്തിട്ടുള്ളതെന്ന് ഏതൊരു ജനതകളാണോ മതക്കാരാണോ വിശ്വസിക്കുന്നത്– അല്ലാഹുതആല ഇവിടെ ആര്യസമാജക്കാരുടേയും ക്രിസ്ത്യാനികളുടേയും വാദമുഖങ്ങൾ പറഞ്ഞിട്ടുണ്ട്. അവർ കരുതുന്നത് അവരിൽ മാത്രമേ പരിഷ്കർത്താക്കളും പുണ്യാത്മാക്കളും നബിമാരും ഉണ്ടാകുകയുള്ളൂ എന്നാണ്. ഇസ്രായേലുകളിൽനിന്നല്ലാതെ നബിക്ക് വരാൻ പറ്റുകയില്ലെന്നാണ് യഹൂദികൾ വിശ്വസിക്കുന്നത്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു. അവർ അല്ലാഹുവിനെ അഖിലലോകത്തിന്റേയും റബ്ബായി മനസ്സിലാക്കുന്നില്ല. പക്ഷേ, ഇസ്ലാമിന്റെ ദൈവത്തെക്കുറിച്ചുള്ള സങ്കല്പം റബ്ബുൽആലമീൻ എന്നതാണ്– ഇത്തരം അബദ്ധസിദ്ധാന്തങ്ങളെ നിരാകരിക്കുന്നതിനായിട്ടത്രെ, 'സർവ്വസ്തോത്രവും അഖിലലോകങ്ങളുടേയും രക്ഷിതാവും പാലകനുമായ അല്ലാഹുവിനാകുന്നു' എന്ന വചനംകൊണ്ട് വിശുദ്ധഖുർആൻ ആരംഭിച്ചിരിക്കുന്നത്.

ഏതെങ്കിലും ഒരു പ്രത്യേക ജാതിക്കാരിലോ, രാജ്യക്കാരിലോ മാത്രമേ പ്രവാചകന്മാർ അവതരിക്കുകയുണ്ടായിട്ടുള്ളൂ എന്ന വിശ്വാസം അബദ്ധമാണെന്ന് ദൈവം വിശുദ്ധഖുർആനിൽ പല സ്ഥലങ്ങളിലായി പറഞ്ഞുതന്നിരിക്കുന്നു. അവൻ ആത്മീയാനുഗ്രഹം നൽകുന്ന വിഷയത്തിൽ ഒരു ജാതിക്കാരേയും വിസ്മരിച്ചുകളഞ്ഞിട്ടില്ല. ഈ പരമാർത്ഥം വിശുദ്ധഖുർആനിൽ പല സ്ഥലങ്ങളിൽ സന്ദർഭോചിതങ്ങളായ ഉദാഹരണങ്ങളാൽ വിശദീകരിക്കപ്പെട്ടിട്ടുണ്ട്. സർവ്വൈകദാതാവായ ദൈവം എല്ലാ രാജ്യക്കാർക്കും അവരുടെ ഭൗതികാവശ്യങ്ങൾക്കുവേണ്ട സർവ്വവും സംഭരിച്ചുകൊടുത്തിരിക്കുന്ന പ്രകാരംതന്നെ, എല്ലാ രാജ്യക്കാരുടേയും എല്ലാ ജാതിക്കാരുടേയും ആത്മപരിചരണത്തിന് ആവശ്യകമായ ഏർപ്പാടുകളും അവൻ ചെയ്തുപോന്നിട്ടുണ്ട്. ഈ വിഷയകമായി വിശുദ്ധഖുർആൻ ഒരിടത്ത് ഇങ്ങനെ പറയുന്നു. ***വഇൻമ്മിൻ ഉമ്മത്തിൻ ഇല്ലാ ഖലാ ഫീഹാ നദീർ*** നബിയോ റസൂലോ വന്നു കഴിഞ്ഞിട്ടില്ലാത്ത ഒരു സമുദായവും ഇല്ല. (35:25)

അതിനാൽ, നാമെല്ലാവരും അവശ്യം വിശ്വസിക്കേണ്ടുന്ന സകലസമ്പൂർണ്ണനും സത്യസ്വരൂപനുമായ ദൈവം സർവ്വലോകങ്ങളുടേയും സ്രഷ്ടാവും പാലകനുമാണെന്നത് അവിതർക്കിതമാണ്. അവന്റെ കൃപാപരിപാലനം ഏതെങ്കിലും പ്രത്യേക ജാതിക്കോ പ്രത്യേക കാലത്തേക്കോ പ്രത്യേക രാജ്യത്തേക്കോ പരിമിതമായതല്ല. അവൻ എല്ലാ ജാതിക്കാരുടേയും എല്ലാ കാലത്തുള്ളവരുടേയും എല്ലാ രാജ്യക്കാരുടേയും രക്ഷിതാവും പാലകനുമാകുന്നു. സകല അനുഗ്രഹങ്ങളുടേയും നിലയനവും, ഭൗതികവും ആത്മികവുമായ സർവ്വശക്തികളുടേയും ഉത്ഭവസ്ഥാനവും അവനത്രെ. അവൻ തന്നെയാണ് അഖിലസൃഷ്ടികളേയും നോക്കിരക്ഷിക്കുന്നത്. എല്ലാ വസ്തുക്കളും അവങ്കൽതന്നെയാണ് ആശ്രയിച്ചുനില്ക്കുന്നതും. അവന്റെ അനുഗ്രഹം അഖിലവർഗ്ഗങ്ങളുടേയും സകല രാജ്യങ്ങളുടേയും സർവ്വയുഗങ്ങളുടേയും മേൽ നിഴലിക്കുന്നതാകുന്നു. ആ സകലേശ്വരന്റെ അനുഗ്രഹം ഇങ്ങനെ സർവ്വവ്യാപകമായിരിക്കുന്നത് അവന്റെ കൃപാപരിപാലനത്തെ സംബന്ധിച്ച് ഒരുകൂട്ടർക്കും ആവലാതിപ്പെടാൻ അവസരമില്ലാതിരിക്കുന്നതിനു വേണ്ടിതന്നെയാകുന്നു. ദൈവം അവന്റെ അനുഗ്രഹം മറ്റുള്ളവർക്കല്ലാതെ തങ്ങൾക്ക് നൽകിയില്ലെന്നോ, ദൈവത്തിങ്കൽനിന്ന് മാർഗ്ഗദർശകഗ്രന്ഥങ്ങൾ ഇതരമാർക്കല്ലാതെ തങ്ങൾക്ക് ലഭിച്ചില്ലെന്നോ ദൈവം തന്റെ വചനവും വെളിപാടും ദൃഷ്ടാന്തവും മുഖേന കഴിഞ്ഞ ചില കാലങ്ങളിലല്ലാതെ തങ്ങളുടെ കാലത്ത് പ്രത്യക്ഷനായില്ലെന്നോ ഒരു കൂട്ടർക്കും പറയാനിടം കൊടുത്തില്ല. അങ്ങനെ, ആ സർവ്വവല്ലഭൻ തന്റെ ഭൗതികവും ആത്മീയവുമായ അനുഗ്രഹങ്ങളിൽനിന്ന് ഏതെങ്കിലും ഒരു സമുദായത്തെയോ കാലത്തേയോ ഒഴിവാക്കാതെ തന്റെ കൃപാവിതരണം സർവ്വവ്യാപകവും നിത്യവുമാക്കിയിരിക്കുന്നു." അതുകൊണ്ട്, ഇക്കാലത്ത് അഹ്മദികളായ നാം ഭാഗ്യവാന്മാരാണ്. കാരണം നമുക്ക് ഈ അനുഗ്രഹം ലഭിച്ചിരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) നെ വിശ്വസിക്കുന്ന കാരണത്താൽ നമ്മളിൽ വളരെ വലിയ ഉത്തരവാദിത്തമാണ് വന്നുഭവിക്കുന്നത്.

വിശുദ്ധഖുർആനിൽ വിവിധ രീതിയിൽ അല്ലാഹു തന്റെ ഈ ഗുണവിശേഷത്തെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. കഴിഞ്ഞ ഖുത്ബയിലും ഞാനിത് പറഞ്ഞിരുന്നു. നൂറുക്കണക്കിന് സ്ഥലങ്ങളിൽ അല്ലാഹു തന്റെ റബ്ബ് എന്ന ഗുണവിശേഷത്തെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. നിങ്ങളുടെ നിലനില്പും നിങ്ങളുടെ രക്ഷയും– അത് ശാരീരികമാകട്ടെ ആത്മീയമാകട്ടെ– തന്റെ സത്തയുമായി ബന്ധപ്പെട്ടതാണെന്ന് അല്ലാഹു പറയുന്നു. അതുകൊണ്ട് തന്നിലേക്ക് കുനിയുകയെന്നും തന്നോട് ചോദിച്ചുകൊണ്ടിരിക്കുക എന്നും അല്ലാഹു സത്യവിശ്വാസികളോട് വിവിധ രീതിയിൽ പറയുന്നുണ്ട്.

وَقَالَ رَبُّكُمُ ادْعُونِي أَسْتَجِبْ لَكُمْ إِنَّ الَّذِينَ
يَسْتَكْبِرُونَ عَنْ عِبَادَتِي سَيَدْخُلُونَ جَهَنَّمَ دَاخِرِينَ ﴿٦١﴾

നിങ്ങളുടെ നാഥൻ പറഞ്ഞു: നിങ്ങൾ എന്നെ വിളിക്കുക. ഞാൻ നിങ്ങൾക്ക് ഉത്തരം നൽകും. എന്നെ ആരാധിക്കുന്നത് വിട്ട് അഹംഭാവം കാണിക്കുന്നവർ നിന്ദ്യരായി നരകത്തിൽ പതിക്കുകതന്നെ ചെയ്യും. (40:61) അതുകൊണ്ട് നിങ്ങളുടെ ആവശ്യങ്ങൾ പൂർത്തീകരിച്ചുതരുന്നവൻ താനാണെന്നും ഇതുവരെ നിങ്ങൾക്ക് കിട്ടിയതും നിങ്ങൾ ജീവിച്ചതുമെല്ലാം തന്റെ ഔദാര്യം കാരണത്താലാണെന്നും അതിനാൽ മറ്റാരുടേയും മുന്നിൽപോയി കുനിയരുതെന്നും നിങ്ങളുടെ റബ്ബിന്റെ അനുഗ്രഹവും ഔദാര്യവുമാണ് ഇതെല്ലാമെന്നും ഇതെപ്പോഴും നിങ്ങളുടെ മനസ്സിൽ ഉണ്ടായിരിക്കേണ്ടതാണെന്നും താൻ പ്രാർത്ഥന കേൾക്കുന്നവനാണെന്നും നിങ്ങളുടെ ആവശ്യങ്ങൾ തന്റെ സന്നിധിയിൽ സമർപ്പിക്കുകയെന്നും താനത് പൂർത്തീകരിച്ചുതരുമെന്നും അല്ലാഹു പറയുന്നുവെന്ന കാര്യം നിങ്ങൾ എപ്പോഴും ഓർമ്മിക്കുക. അല്ലാഹുവിനെ ആരാധിക്കുന്നില്ലെങ്കിൽ, ഭൗതികമായ കാര്യങ്ങളൊക്കെ അവൻ പൂർത്തീകരിച്ചുതരുമെന്നത് ശരിതന്നെ. പക്ഷേ, ഖയാമത്തുന്നാൾ അത്തരം ആളുകൾക്ക് നരകമായിരിക്കും സങ്കേതം. അതുകൊണ്ട് എപ്പോഴും ആരാധനാകർമ്മങ്ങളിലേക്ക് ശ്രദ്ധിക്കുക. വീണ്ടും പറയുന്നു.

اللَّهُ الَّذِي جَعَلَ لَكُمُ اللَّيْلَ لِتَسْكُنُوا فِيهِ وَالنَّهَارَ مُبْصِرًا ۚ إِنَّ اللَّهَ لَذُو فَضْلٍ عَلَى النَّاسِ وَلَٰكِنَّ أَكْثَرَ النَّاسِ لَا يَشْكُرُونَ ﴿٦١﴾

അല്ലാഹുവത്രെ നിങ്ങൾക്കു വേണ്ടി രാവിനെ ഉണ്ടാക്കിയിട്ടുള്ളത്; നിങ്ങളതിൽ വിശ്രമിക്കാൻ. അവൻ പകലിനെ കാഴ്ച നൽകുന്നതാക്കിയിരിക്കുന്നു. തീർച്ചയായും അല്ലാഹു മനുഷ്യരോട് ഔദാര്യമുള്ളവനാകുന്നു. മനുഷ്യരിൽ അധികവും നന്ദികാണിക്കുന്നവരല്ല. (40:62) ഈ വചനത്തിന് മുമ്പേ പറഞ്ഞ വചനത്തിന്റെ തുടർച്ചയാണിത്. ഇതിൽ അല്ലാഹു നന്ദികാണിക്കുന്നതിലേക്ക് ശ്രദ്ധ ക്ഷണിച്ചിരിക്കുന്നു. നമ്മുടെ വിശ്രമത്തിനായി തന്റെ പരിപാലനം എന്ന ഗുണവിശേഷമനുസരിച്ച് എത്രയെത്ര സാധനങ്ങൾ നമുക്കായി അവൻ സംഘടിപ്പിച്ചുതന്നിരിക്കുന്നു. ഇതെല്ലാം നമ്മോട് ആവശ്യപ്പെടുന്നത് അവന്റെ നന്ദിയുള്ള ദാസരായിത്തീരണമെന്നാണ്. പറഞ്ഞു: രാത്രിയും പകലും ഉണ്ടാക്കി നിങ്ങളുടെ ജോലിക്കും വിശ്രമത്തിനും സൗകര്യം ചെയ്തുതന്നിരിക്കുന്നു. സമയവും ചിട്ടപ്പെടുത്തിത്തന്നിരിക്കുന്നു. ജോലിക്കും വിശ്രമത്തിനും നിങ്ങളുടെ പ്രകൃതിയിൽ ചില കാര്യങ്ങൾ നിക്ഷേപിച്ചിട്ടുണ്ടെങ്കിൽ അതിൽനിന്ന് കൂടുതൽ ഫലമെടുക്കാനുള്ള സാഹചര്യങ്ങളും അവൻ സൃഷ്ടിച്ചുതന്നിരിക്കുന്നു. അതിൽ നിങ്ങൾ ചിന്തിക്കുക. നന്ദിയുള്ള ദാസരിൽ ഉൾപ്പെടുക. പിന്നീട് പറഞ്ഞു.

ذَٰلِكُمُ اللَّهُ رَبُّكُمْ خَالِقُ كُلِّ شَيْءٍ لَّا إِلَٰهَ إِلَّا هُوَ ۖ فَأَنَّىٰ تُؤْفَكُونَ ﴿٦٢﴾

അവനാണ് അല്ലാഹു. നിങ്ങളുടെ നാഥൻ. സർവ്വവസ്തുക്കളുടേയും സ്രഷ്ടാവ്. അവനല്ലാതെ വേറൊരാരാധ്യനുമില്ല. എന്നിരിക്കെ, നിങ്ങൾ തെറ്റിക്കപ്പെടുന്നതെങ്ങനെ?

പിന്നീട് പറഞ്ഞു നിങ്ങൾക്ക് എണ്ണിത്തിട്ടപ്പെടുത്താൻ കഴിയാത്തവണ്ണമുള്ള ഔദാര്യങ്ങളാണ് നിങ്ങളിലുള്ളത്. അതുകൊണ്ട് അവനെത്തന്നെയാണ് നിങ്ങൾ ആരാധിക്കേണ്ടത്. നന്ദിയുള്ള ദാസരായിക്കൊണ്ട് അവന്റെ മുമ്പിൽ പ്രണമിച്ച് അവനോട് ചോദിക്കുക. മറ്റ് ദൈവങ്ങളെ അന്വേഷിക്കാതിരിക്കുക. ശയ്ത്വാന്റെ വഞ്ചനയിൽ കുടുങ്ങി നിങ്ങളുടെ റബ്ബിന്റെ കല്പനയെ ധിക്കരിക്കരുത്. അവൻ മാത്രമാണ് ആരാധ്യനെന്ന് എപ്പോഴും ഓർമ്മവയ്ക്കുക. അവനല്ലാതെ ഒരാരാധ്യനുമില്ല. മറ്റുള്ളവരെ ആരാധ്യനായി കാണുന്നുവെങ്കിൽ വഴി തെറ്റിപ്പോകും. പിന്നീട് പറഞ്ഞു

كَذَٰلِكَ يُؤْفَكُ الَّذِينَ كَانُوا بِآيَاتِ اللَّهِ يَجْحَدُونَ ﴿٦٣﴾

ഇപ്രകാരംതന്നെയാണ് അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെ മനഃപ്പൂർവ്വം നിഷേധിക്കുന്നവർ തെറ്റിക്കപ്പെടുന്നത്. വീണ്ടും അല്ലാഹു പറയുന്നു.

اللَّهُ الَّذِي جَعَلَ لَكُمُ الْأَرْضَ قَرَارًا وَالسَّمَاءَ بِنَاءً وَصَوَّرَكُمْ فَأَحْسَنَ صُوَرَكُمْ وَرَزَقَكُم مِّنَ الطَّيِّبَاتِ ۚ ذَٰلِكُمُ اللَّهُ رَبُّكُمْ ۖ فَتَبَارَكَ اللَّهُ رَبُّ الْعَالَمِينَ ﴿٦٤﴾

ഭൂമിയെ നിങ്ങൾക്കു വേണ്ടി വാസസ്ഥലവും ആകാശത്തെ ഒരു മേൽത്തട്ടും ആക്കിയവനത്രെ അല്ലാഹു. അവൻ നിങ്ങളെ രൂപപ്പെടുത്തി. എന്നിട്ട്, അവൻ നിങ്ങളുടെ രൂപത്തെ ഏറ്റവും സുന്ദരമാക്കുകയും ഏറ്റവും നല്ല വസ്തുക്കളിൽനിന്ന് അവൻ നിങ്ങൾക്ക് ആഹാരം നൽകുകയും ചെയ്തിരിക്കുന്നു. അവനാണ് നിങ്ങളുടെ നാഥനായ അല്ലാഹു. അപ്പോൾ സർവ്വലോകപരിപാലകനായ അല്ലാഹു അളവറ്റ അനുഗ്രഹമുടയവനാകുന്നു.

അതിനാൽ, ആരുടെയെങ്കിലും പ്രലോഭനത്തിന് വഴിപ്പെടുന്നതിന് പകരം നിങ്ങളുടെ സൃഷ്ടിപ്പിനു മുമ്പേ നിങ്ങളുടെ നിലനില്പിനായിട്ടുള്ള കാര്യങ്ങളെല്ലാം ചെയ്ത ആ അല്ലാഹുവുമായി ബന്ധം സ്ഥാപിക്കുക. ആകാശത്തിലും ഭൂമിയിലും നിരവധി സൃഷ്ടികളെ നിങ്ങളുടെ സേവനത്തിനായി അവൻ നിശ്ചയിച്ചു. നിങ്ങൾക്ക് മനോഹരമായ ആകൃതി നൽകി. നിങ്ങൾക്ക് അന്നം തന്നു. ഈ എല്ലാ കാര്യങ്ങളും നിങ്ങൾക്കൊരു റബ്ബ് ഉണ്ട് എന്ന് നിങ്ങളെ ഓർമ്മപ്പെടുത്തിക്കൊണ്ടിരിക്കണം. അവൻ അഖിലലോകങ്ങളുടേയും രക്ഷിതാവാണ്. അവന്റെ മുമ്പിൽ പ്രണമിച്ചുകൊണ്ടിരുന്നാൽ അനുഗ്രഹങ്ങളിൽ കൂടുതൽ വർദ്ധനവുണ്ടായിക്കൊണ്ടിരിക്കും. നന്ദിയുള്ളവരാകുകയാണെങ്കിൽ അത് വീണ്ടും വർദ്ധിക്കും. അതായത്, കൂടുതൽ പിന്നെയും കിട്ടും. നമ്മുടെ ശാരീരികവും ആത്മീയവുമായ കാര്യങ്ങൾ പൂർത്തിയായിക്കൊണ്ടിരിക്കും.

هُوَ الْحَيُّ لَآ إِلٰهَ إِلَّا هُوَ فَادْعُوهُ مُخْلِصِيْنَ لَهُ
الدِّيْنَ ۗ اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ﴿٦٥﴾

അവൻ എന്നും ജീവിച്ചിരിക്കുന്നവനാണ്. അവനല്ലാതെ വേറൊരു ആരാധ്യനുമില്ല. അനുസരണത്തെ മാത്രം പ്രത്യേകപ്പെടുത്തിക്കൊണ്ട് നിങ്ങൾ അവനെ വിളിച്ചു പ്രാർത്ഥിക്കുവിൻ. സർവ്വസ്തുതിയും പ്രപഞ്ചനാഥനായ അല്ലാഹുവിനാകുന്നു.

ഒരേ അദ്ധ്യായത്തിലെ ഈ തുടർന്നുതുടർന്നു വരുന്ന എല്ലാ വചനങ്ങളും ശാരീരികവും ആത്മീയവുമായ അനുഗ്രഹങ്ങളെ എപ്പോഴും മുന്നിൽ കാണേണ്ടതാണെന്ന് വിളിച്ചോതുന്നു. അത് മുമ്പിൽ കണ്ടുകൊണ്ട് നിഷ്കളങ്കരായി അല്ലാഹുവിനെ ആരാധിക്കുക. കാരണം അവൻ മാത്രമാണ് ജീവനുള്ള ദൈവം. മറ്റുള്ളതെല്ലാം നശ്വരമാണ്.

ഈ ലോകത്തുള്ള നശ്വരമായ വസ്തുക്കളുടെ പിന്നാലെ ഓടിപ്പോകാതിരിക്കുക. പ്രത്യുത, ആ ജീവനുള്ള ദൈവവുമായി ബന്ധം സ്ഥാപിക്കുക. അവൻ അഖിലലോകങ്ങളുടെയും പാലകനാണ്. കാരണം ഇതിലാണ് നിങ്ങളുടെ ഭൗതികവും ആത്മീയവുമായ നിലനില്പുള്ളത്. അല്ലാഹു നിരന്തരം തന്റെ അനുഗ്രഹങ്ങളേയും ഔദാര്യങ്ങളേയും കുറിച്ച് പറഞ്ഞുകൊണ്ട്, അവനെ ആരാധിക്കുന്നതിലേക്കും അവനെ റബ്ബുൽആലമീനായി മനസ്സിലാക്കുന്നതിലേക്കും നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്നു. ഇതെല്ലാം നമ്മുടെ നന്മയ്ക്കുവേണ്ടിയാണ്. മനുഷ്യൻ ക്ഷണത്തിൽ ശയ്ത്വാന്റെ ചതിയിൽ വീണുപോകുമെന്ന് അവന്നറിയാം. അതുകൊണ്ട് അതിൽനിന്ന് എപ്പോഴും രക്ഷപ്പെട്ടിരിക്കേണ്ടതാണ്.

ഇതെല്ലാം നമ്മുടെ റബ്ബ് വളരെ സ്നേഹിക്കുന്ന റബ്ബായതുകൊണ്ടാണ്. നമുക്ക് നമ്മുടെ ഉത്തമമായ പര്യവസാനത്തിന്റെ വഴികൾ അവൻ കാണിച്ചുതരുന്നു. ആ വഴിയിലൂടെ നടന്ന് നമ്മുടെ പര്യവസാനം നമുക്ക് നല്ലതാക്കി തീർക്കാൻ കഴിയും. ഇല്ലെങ്കിൽ ശയ്ത്വാൻ വഴിയിൽ നില്പുണ്ട്. നമ്മുടെ റബ്ബായ അല്ലാഹുവിന് നമ്മെക്കൊണ്ട് ആവശ്യമൊന്നുമില്ല. അവൻ തന്റെ ദാസന്റെ സൽക്കർമ്മങ്ങളിൽ തീർച്ചയായും സന്തോഷിക്കുന്നുണ്ട് എന്നത് ശരിതന്നെ. അത് അവന് ആവശ്യമുള്ളതുകൊണ്ടല്ല. മനുഷ്യൻ അവനെ പുകഴ്ത്തണമെന്നോ സ്തുതിക്കണമെന്നോ എന്നുള്ളതുകൊണ്ടുമല്ല. തന്റെ ദാസൻ സന്മാർഗ്ഗത്തിൽ നടക്കുന്നവനും നരകശിക്ഷയിൽനിന്ന് രക്ഷപ്പെടുന്നവനുമായതുകൊണ്ടാണ് സന്തോഷം അവനുണ്ടാകുന്നത്.

തന്റെ കാണാതായ മകനെ തിരിച്ചുകിട്ടിയ മാതാവിനുണ്ടാകുന്ന സന്തോഷത്തേക്കാളേറെ അല്ലാഹു തന്റെ ദാസനെ കാണുമ്പോൾ സന്തോഷിക്കുന്നു. സൽക്കർമ്മങ്ങൾ ചെയ്യുമ്പോൾ നമ്മുടെ റബ്ബ് നമ്മെ എങ്ങനെയാണ് അനുഗ്രഹിക്കുന്നത്. ഒരു ഹദീസിൽ വന്നിരിക്കുന്നു. ഹദ്റത്ത് അബൂഹുറയ്റ (റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു: "വല്ലവനും തന്റെ പരിശുദ്ധമായ സമ്പാദ്യത്തിൽനിന്നും- നല്ലതുമാത്രമേ അല്ലാഹു സ്വീകരിക്കുകയുള്ളൂ- ഒരു കാരക്കയുടെ അത്ര ദാനം ചെയ്താൽ അല്ലാഹു അത് വലംകൈകൊണ്ട് സ്വീകരിക്കും. എന്നിട്ട് നിങ്ങളിലൊരാൾ തന്റെ കുതിരക്കുട്ടിയെ പോറ്റിവളർത്തുന്നതുപോലെ ഒരു പർവ്വതത്തോളം വലുതാകുംവരെ അല്ലാഹു അവനത് വളർത്തിക്കൊണ്ടിരിക്കും." കുതിരക്കുട്ടി വളർന്നുവളർന്ന് ഒരു പരിധിയിലെത്തുമ്പോൾ വളർച്ച നിന്നുപോകും. എന്നാൽ, അല്ലാഹു അങ്ങനെയല്ല. അവൻ അതിനെ പർവ്വതത്തോളം വളർത്തുന്നു.

ഇതാണ് നമ്മുടെ റബ്ബിന്റെ ഔദാര്യത്തിന്റെ നില. ഇങ്ങനെയുള്ള ദൈവത്തെ വിട്ടുകൊണ്ട് മറ്റാരുടെയെങ്കിലും അടുക്കൽ പോകാൻ ആരെങ്കിലും ഇഷ്ടപ്പെടുമോ? അല്ലെങ്കിൽ പോകുമോ? ഒരിക്കലുമില്ല. പക്ഷേ, അറിയാതെകണ്ട് നമ്മളിൽനിന്ന് അല്ലാഹുവിന്റെ ഇഷ്ടത്തിനും പാഠത്തിനും അവന്റെ കല്പനക്കും വിരുദ്ധമായ തെറ്റുകൾ ഉണ്ടാകാറുണ്ട്. അതുകൊണ്ട് എപ്പോഴും അവനോട് പാപപ്പൊറുതി തേടി

ക്കൊണ്ടിരിക്കേണ്ടതാണ്. പാപപ്പൊറുതി തേടേണ്ട വഴിയും അവൻ നമുക്ക് കാണിച്ചുതന്നിരിക്കുന്നു. പഠിപ്പിച്ചുതന്നിരിക്കുന്നു; ഈ അനുഗ്രഹങ്ങളുടേയും ഔദാര്യങ്ങളുടേയും പരമ്പര എന്നെന്നും തുടർന്നു കൊണ്ടിരിക്കുന്നതിനുവേണ്ടി. അതുകൊണ്ടാണ് എപ്പോഴും തന്നോട് പാപപ്പൊറുതി തേടിക്കൊണ്ടിരിക്കാൻ അല്ലാഹു പറയുന്നത്.

അതുകൊണ്ട് ഓരോ അഹ്മദിയും എപ്പോഴും 'റബ്ബുനല്ലാഹ്' എന്ന് മനസ്സിൽ ഉരുവിട്ടുകൊണ്ടേയിരിക്കുക. ഇക്കാലഘട്ടത്തിൽ ഒരുപാട് ദൈവങ്ങൾ മറഞ്ഞിരിക്കുന്നുണ്ട്. ബഹുദൈവാരാധന അതിന്റെ പാരമ്യതയിൽ എത്തിയിരിക്കുന്നു. കാലത്തിന്റെ ഇമാമിനെ നിഷേധിച്ചുകൊണ്ട് മുസ്‌ലിംകൾതന്നെ അല്ലാഹുവിന്റെ പരിപാലനമെന്ന ഗുണവിശേഷത്തെ പരിമിതപ്പെടുത്തിയിരിക്കുകയാണ്. അവർ പറയുന്നത് കാലത്തിന്റെ പരിഷ്കരണത്തിനായി അല്ലാഹുവിന് നബിമാരെ അയക്കാൻ കഴിയുകയില്ലെന്നത്രെ! ഒരു ഭാഗത്ത് ഉദ്ധാരകൻ അത്യാവശ്യമാണെന്ന് പറയുന്നു. മറുഭാഗത്ത് അല്ലാഹുവിന്റെ പരിപാലനം എന്ന ഗുണവിശേഷത്തെ നിഷേധിക്കുന്നു. ഈ അവസ്ഥയിലും പ്രസ്തുത ഗുണവിശേഷമനുസരിച്ച് ചോദിക്കാതെതന്നെ താൻ നൽകുന്നവനാണെന്നും അവസ്ഥകൾ നന്നാക്കിത്തീർക്കുന്നവനാണെന്നും അല്ലാഹു പറയുന്നു. ഇവിടെ ചോദിച്ചിട്ടും നൽകപ്പെടുന്നില്ല! കാരണം അവർ അതിനെ പരിമിതപ്പെടുത്തിവെച്ചിരിക്കുകയാണ്. വന്നയാളെ വിശ്വസിക്കാൻ ഒട്ടും തയ്യാറുമല്ല. നബിയോ പരിഷ്കർത്താവോ വരുമെന്നുള്ള ഭാവനപോലും അവർക്കില്ല. അതിന്റെയൊക്കെ തിക്തഫലവും ഇക്കൂട്ടർ അനുഭവിച്ചുകൊണ്ടിരിക്കുന്നുണ്ട്. അസമാധാനത്തിന്റേയും അശാന്തിയുടേയും അവസ്ഥ എങ്ങും പരന്നിരിക്കുന്നു. പ്രത്യേകിച്ച്, മുസ്‌ലിം രാഷ്ട്രങ്ങളിൽ. ഈ അവസ്ഥയിൽ ഒരഹ്മദിക്ക് മാത്രമേ അല്ലാഹുവിനെ സംബന്ധിച്ച് ശരിയായ ചിന്തയും തിരിച്ചറിവുമുള്ളൂ. അങ്ങനെതന്നെയാണ് വേണ്ടതും. നമ്മളും നമ്മുടെ നിർബന്ധകടമ നിറവേറ്റുന്നില്ലെങ്കിൽ നമ്മുടെ ആരാധനാകർമ്മങ്ങളെ ജീവനുള്ളതാക്കിക്കൊണ്ട് അല്ലാഹുവിന്റെ നന്ദിയുള്ള ദാസരാകുന്നില്ലെങ്കിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ രൂപത്തിൽ അല്ലാഹു നമുക്ക് നൽകിയ ആ അനുഗ്രഹത്തിനും ഔദാര്യത്തിനും നന്ദി കാണിക്കുന്നില്ലെങ്കിൽ അവിടന്ന് നമുക്ക് നൽകിയ പാഠമനുസരിച്ച് നാം നമ്മെ വാർത്തെടുക്കുന്നില്ലെങ്കിൽ നമ്മൾ നമ്മുടെ ദൈവത്തെ തിരിച്ചറിഞ്ഞിട്ടുള്ളവരും അവനെ ആരാധിക്കുന്നവരുമാണെന്നുമുള്ള നമ്മുടെ വാദം വെറും പൊള്ളയായിരിക്കും.

പൊള്ളയായ വാദങ്ങൾക്ക് അല്ലാഹു പ്രതിഫലം നൽകാറില്ല. അല്ലാഹു പറഞ്ഞത് നിഷകളങ്കരായിക്കൊണ്ട് അവന്റെ മുമ്പിൽ പ്രണമിക്കാനാണ്. നമുക്ക് യഥാർത്ഥനിലയിൽ നമ്മുടെ റബ്ബിനെ തിരിച്ചറിയാൻ അല്ലാഹു നമ്മെ അനുഗ്രഹിക്കട്ടെ. മറ്റുള്ളവർക്കും ഈ സൗന്ദര്യം പറഞ്ഞുകൊടുക്കാനും അങ്ങനെ ലോകത്ത് ഏകനായ ദൈവത്തെ ആരാധിക്കുന്നവർ കൂടുതലുണ്ടാകാനും അതുമുഖേന സമാധാനവും ശാന്തിയും ലോകത്ത് സ്ഥാപിതമാകാനും അല്ലാഹു അനുഗ്രഹിക്കട്ടെ.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 24.11.2006 at Baithulfutuh, London

*Translated by: Muhammad Ismail, Alleppey*
0497 2702562; Mob: 94466 56123
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala